"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള മീഡിയ അക്കാദമി -ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ- താൽക്കാലിക തസ്തികകൾ - തുടർച്ചാനുമതി നല്കി - ഉത്തരവാകുന്നു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പ്

സ.ഉ.(സാധാ) നം.5/2025/I&PRD തീയതി, തിരുവനന്തപുരം, 22-01-2025

പരാമർശം:- 1. 26/02/2024-ലെ സ. ഉ. (സാധാ) നം. 17/2024/ഐ. & പി. ആർ. നമ്പർ ഉത്തരവ്.

2. 01/11/2024-ലെ കേരള മീഡിയ അക്കാദമി സെക്രട്ടറിയുടെ 225 (ഇ)/2023/കെ.എം.എ നമ്പർ കത്ത്.

<u>ഉത്തരവ്</u>

സൂചന (1) പ്രകാരം കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിലെ താൽക്കാലിക തസ്തികകൾക്ക് 07/10/2023 മുതൽ 06/10/2024 വരെ തുടർച്ചാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത കാലാവധി 06/10/2024-ൽ അവസാനിക്കുന്നതിനാൽ, അക്കാദമി കോഴ്സുകൾ ക്രമമായി നടന്നു വരുന്ന സാഹചര്യം മുൻനിർത്തി ടി തസ്തികകളുടെ തുടർച്ചാനുമതി അനിവാര്യമാണെന്നും അക്കാദമി സെക്രട്ടറി സൂചന (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. അക്കാദമി കോഴ്സുകളുടെ സുഗമവും ക്രമവുമായ നടത്തിപ്പിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിലെ ചുവടെ പറയുന്ന താൽക്കാലിക തസ്തികകൾ 07/10/2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി തുടർച്ചാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡയറക്ടർ , | 1 |
| 2 | ലക്ചറർ | 2 |
| 3 | ടൈപ്പിസ്റ്റ് | 1 |
| 4 | റോണിയോ ഓപ്പറേറ്റർ കം പ്യൂൺ | 1 |
| 5 | ലൈബ്രറി & റിസർച്ച് അസിസ്റ്റന്റ് | 1 |

ഇതു സംബന്ധിച്ച ചെലവ് അക്കാദമിയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്യാം വി

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ)

ധനകാര്യ വകുപ്പ് (2186627/PUC4/101/22/Fin. dated 20/12/2024)

കരുതൽ ഫയൽ (2592797/A2/104/2024/I&PRD)

ഉത്തരവിൻ പ്രകാരം

Signed by
Bindu Chandran R
Date: 22-01-2025 15:33:21

സെക്ഷൻ ഓഫീസർ